**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 21** **27-01-2026 - ൽ മറുപടിയ്ക്ക്**

**കേരള പോലീസിന്റെ കൗൺസിലിംഗ് സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്ത് ഏറ്റവും മികച്ച നിയമപാലനവും കുറ്റാന്വേഷണവും നടത്തുന്നതോടൊപ്പം കേരള പോലീസ് നടത്തിവരുന്ന കാരുണ്യ പ്രവർത്തനങ്ങളും സാമൂഹ്യ ഇടപെടലുകളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള പോലീസ് രാജ്യത്തെ മികച്ച നിയമപാലനവും കാര്യക്ഷമമായ കുറ്റാന്വേഷണവും ഫലപ്രദമായി നടപ്പി ലാക്കി വരുന്നതോടൊപ്പം, ജനമൈത്രി സുരക്ഷാ പദ്ധതി, സോഷ്യൽ പോലീസിംഗ്, സ്ത്രീകളുടെയും കുട്ടികളു ടെയും സുരക്ഷ, മുതിർന്ന പൗരന്മാരുടെ പരിപാലനം, വിദ്യാലയ സുരക്ഷ, ലഹരി–സൈബർ ബോധവൽക്കരണം തുടങ്ങിയ വിവിധ മേഖലകളിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തി വരുന്നു. ഇതിന് പുറമേ, കാരുണ്യ പ്രവർത്തനങ്ങളിലും സാമൂഹ്യ ഇടപെട ലുകളിലും കേരള പോലീസ് തുടർച്ച യായി സജീവ പങ്കാളിത്തം വഹിച്ചു വരികയാണ്. ആയതിലേക്കായി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>**<u>പ്രധാന പദ്ധതികൾ</u>**<br><br>**<u>POL BLOOD പദ്ധതി</u>**<br><br>രക്തദാന സന്നദ്ധത പ്രോത്സാഹി പ്പിക്കുന്നതിനും അടിയന്തര ഘട്ടങ്ങ ളിൽ രക്തം ലഭ്യമാക്കുന്നതിനുമുള്ള കേരള പോലീസിന്റെ സംരംഭമാണ് പോൾ ബ്ലഡ് പദ്ധതി. കേരള പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷനായ 'പോൾ ആപ്പ്' (Pol-App) വഴിയാണ് പദ്ധതി പ്രവർത്തിക്കു ന്നത്. രക്തം ആവശ്യമുള്ളവർക്കും ദാനം ചെയ്യാൻ താത്പര്യമുള്ളവർക്കും പോൾ ആപ്പ് ഡൗൺലോഡ് ചെയ്ത് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.<br><br>**<u>സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പദ്ധതി</u>**<br>സംസ്ഥാനത്തിലെ ആഭ്യന്തര, വിദ്യാ ഭ്യാസ, ഗതാഗതം, വനം, എക്സൈസ്, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്കരിച്ചി ട്ടുള്ള ഒരു സ്കൂൾ അധിഷ്ഠിത പദ്ധതി യാണ് കേരളാ പോലീസിൻ്റെ 'സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് പദ്ധതി'. ഹൈസ്കൂൾ വിദ്യാർത്ഥികളിൽ നിയമ ത്തോടുള്ള ബഹുമാനം, അച്ചടക്കം, പൗരബോധം, സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളോട് ദയാവായ്പ്, സാമൂഹ്യ വിപത്തുകളെ ചെറുത്തു നിൽക്കാനുള്ള കഴിവ് എന്നിവ വികസിപ്പിക്കുന്നതിനും അവരെ ഈ സമൂഹത്തിലെ മികച്ച പൗരന്മാരാക്കി വളർത്തിയെടുക്കുന്നിനും ആവശ്യമായ പരിശീലനം നൽകുന്നു.<br><br>**<u>Emergency Response Support System (ERSS)</u>**<br><br>പൊതുജനങ്ങൾക്ക് 112 എന്ന എമർ ജൻസി നമ്പർ മുഖേന അപകടങ്ങൾ, മദ്യപിച്ചുകൊണ്ടുള്ള അതിക്രമങ്ങൾ, വനിതകൾക്ക് എതിരെയുള്ള അതിക്രമ ങ്ങൾ, കുടുംബ പ്രശ്നങ്ങൾ, കുട്ടികൾ ക്കെതിരെയുള്ള അതിക്രമങ്ങൾ, മോഷണം, കാണാതാകൽ, തീപിടുത്തം, പ്രകൃതി ദുരന്തങ്ങൾ, മറ്റ് അടിയന്തര സഹായം |

ആവശ്യമുള്ള ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്കായി അടിയന്തര പോലീസ് സഹായം ആവശ്യപ്പെടാ വുന്നതാണ്.

**D-DAD സെന്റർ**

കേരള പോലീസ് സമൂഹത്തിൽ വർധിച്ചു വരുന്ന ഡിജിറ്റൽ ആസക്തി (Digital Addiction) ഒരു ഗുരുതര പ്രശ്നമായി കണക്കിലെടുത്ത്, കുട്ടികൾക്കും യുവാക്കൾക്കും ഇത്തരത്തിലുള്ള ഡിജിറ്റൽ അടിമത്തത്തിൽ നിന്നും മോചനം ലഭ്യമാക്കാൻ സഹായിക്കുന്ന തിനായി ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ (D-DAD-Digital De-addiction Centre) ആരംഭിച്ചു. ഡിജിറ്റൽ- ഇ ഉപകരണങ്ങളുടെ അമിത ഉപഭോഗം നിയന്ത്രിച്ച് സുരക്ഷിതവും ഉത്തരവാദിത്വമുള്ളതുമായ ഓൺ ലൈൻ ശീലങ്ങൾ രൂപപ്പെടുത്തുക എന്നതാണ് D-DAD സെന്ററുകളുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതി 6 നഗരങ്ങളിൽ നിലവിൽ പ്രവർത്തിക്കു ന്നതോടൊപ്പം, 2025–26-ൽ 8 പുതിയ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

**പ്രശാന്തി**

മുതിർന്ന പൗരന്മാർക്കായി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് മുഖേന ആരോഗ്യ, വിനോദ, നിയമ ബോധ വത്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു.

**പ്രോജക്ട് ഹോപ്പ് പദ്ധതി**

വിവിധ കാരണങ്ങളാൽ പഠനം ഉപേക്ഷിക്കേണ്ടിവരുന്ന(എസ്എസ്എൽസി,പ്ലസ് ടു) കുട്ടികളെ കണ്ടെത്തി,അവർക്ക് പഠനം തുടരുന്നതിനുള്ള സാഹചര്യവും ജീവിത വിജയം നേടുന്നതിനുള്ള അവസരം ഒരുക്കുന്നതിനായി ആവിഷ്ക രിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാ ണിത്.

**പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്**

സ്ത്രീകളുടെ സുരക്ഷയ്ക്കായി പൊതുസ്ഥല ങ്ങളിലും, സൈബർ ഇടങ്ങളിലും, വീടുകൾക്കുള്ളിലും പ്രത്യേക സംരക്ഷണം നൽകുന്ന പദ്ധതി യാണിത്.

'**ചിരി ഹെൽപ്പ് ഡസ്ക്**'

വിഷമാവസ്ഥയിലുള്ള കുട്ടികളുടെ ക്ഷേമം ഉറപ്പ വരുത്തുക,കുട്ടികൾക്ക് മാനസിക ആരോഗ്യ പിന്തുണ പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാ ണിത്. ഇതിലേക്ക് ഒരു ഹെൽപ്പ് ലൈൻ (9497900200) വിദഗ്ധരുടെ സേവനങ്ങൾ ഉൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു.

'**കൂട്ട്' പദ്ധതി**

സൈബർ ലോകത്ത് വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളെ സജ്ജരാക്കുവാനായി ബച്ച്പൻ ബച്ചാവോ ആന്തോളൻ സംഘടന യുമായി കൈകോർത്ത് കേരള പോലീസ് നടപ്പിലാക്കിയ സമഗ്ര ബോധവൽക്കരണ നിയമ സഹായ പദ്ധതിയാണിത്.

**നിർഭയ പദ്ധതി**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനായി ആരംഭിച്ച പദ്ധതിയാണിത്. കുട്ടികളെ ദുരുപയോഗം ചെയ്യൽ, വാണിജ്യപര മായ ലൈംഗിക ചൂഷണം, മനുഷ്യ ക്കടത്ത് തുടങ്ങിയ അതിക്രമങ്ങൾക്ക് എതിരെ ഈ പദ്ധതി പ്രകാരം നടപടി സ്വീകരിക്കുന്നു. വിവിധ സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ച് സാമൂഹ്യ ക്ഷേമം, പട്ടികജാതി / പട്ടികവർഗ്ഗ വികസനം, പോലീസ്, ആരോഗ്യം, തൊഴിൽ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

**അപരാജിത ഓൺലൈൻ**

സ്ത്രീകളോടും പെൺകുട്ടികളോടും ഉള്ള ഓൺ ലൈൻ അടിസ്ഥാനമാക്കിയുള്ള ഉപദ്രവങ്ങൾ പരിഹരിക്കുന്നതിനുള്ള ദ്രുത പ്രതികരണ സംവിധാനമാണ് 'അപരാജിത' ഓൺ ലൈൻ.

**<u>വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി</u>**

ജനകീയ പോലീസിംഗ് പദ്ധതിക്കു കീഴിൽ കേരളാ പോലീസ് നടപ്പിലാക്കി വരുന്ന ഒരു സവിശേഷ പദ്ധതിയാ ണിത്. സമഗ്രമായ ബോധവൽക്ക രണം മുഖേനയും, പ്രായോഗിക പരിശീലന പദ്ധതിയിലൂടെയും സ്ത്രീ കളെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്.

**'<u>യോദ്ധാവ്' പദ്ധതി</u>**

സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മയക്കുമരുന്ന് വിപത്തിനെ പ്രതിരോധി ക്കുന്നതിന് ജില്ലാ നാർക്കോട്ടിക് സെല്ലുകളെ ശക്തിപ്പെടുത്തുന്നതിനായി 'യോദ്ധാവ്' പദ്ധതി നടപ്പിലാക്കിയി ട്ടുണ്ട്.

**<u>ഓപ്പറേഷൻ ഡി ഹണ്ട്</u>**

സംസ്ഥാനത്ത് നാർക്കോട്ടിക് സെല്ലി ന്റെയും DANSAF Team-ന്റെയും നേതൃത്വത്തിൽ ലഹരിക്കെതിരെയുള്ള നടപടികളുടെ ഭാഗമായി 'Operation D-Hunt' എന്ന പേരിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി MDMA അടക്കമുള്ള നിരവധി സിന്തറ്റിക് ലഹരി കേസ്സുകൾ കണ്ടുപിടിച്ചു വരുന്നുണ്ട്.

**<u>ഓപ്പറേഷൻ പുനർജനി</u>**

ലഹരിക്കെതിരെയുള്ള പ്രവർത്തന ങ്ങളുടെ ഭാഗമായി അന്യ സംസ്ഥാന തൊഴിലാളികളുടെ ബോധവൽക്കരണ ത്തിനായി 'Operation Punarjani' -പ്രോഗ്രാം, നടത്തി വരുന്നു.

**'<u>HATS' പദ്ധതി</u>**

പോലീസ് ഉദ്യോഗസ്ഥരുടെ കടുത്ത മാനസിക സമ്മർദ്ദവും പിരിമുറുക്കവും കുറയ്ക്കുന്നതിനായി, പോലീസ് വെൽ ഫെയർ ബ്യൂറോയുടെ കീഴിൽ 2017 മുതൽ ഒരു സൈക്കോളജിക്കൽ കൗൺസിലിംഗ് സെന്റർ ഹെൽപ്പ് ആൻഡ് അസിസ്റ്റൻസ് ടു ടാക്കിൾ സ്ട്രെസ് പ്രവർത്തിച്ചു വരുന്നു.

**കേരളാ പോലീസിന്റെ വിവിധ യൂണിറ്റുകളിൽ നടത്തിവരുന്നതും നടത്തിയിട്ടുള്ളതുമായ കാരുണ്യ പ്രവർത്തനങ്ങൾ:**
തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയന്റെ 'RCC അന്നം പദ്ധതി'-യുടെ ഭാഗമായി എല്ലാ ദിവസവും 100 ഉച്ച ഭക്ഷണ പൊതികൾ കഴിഞ്ഞ 13 വർഷമായി RCC യിലെ രോഗികൾക്കും കൂട്ടിരുപ്പുകാർക്കുമായി നൽകി വരുന്നു.

ആലപ്പുഴ ജില്ലാ പോലീസ് 'ഒരു വയറൂട്ടാം' എന്ന പദ്ധതിയിലൂടെ അശരണരായ ആളുകൾക്ക് പൊതി ച്ചോറുകൾ വിവിധ കേന്ദ്രങ്ങളിലെ അലമാരകളിൽ നിറച്ചുവെക്കുന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കുട്ടി കളിൽ സേവനസന്നദ്ധതയും കരുണയും ഉണ്ടാക്കിയെടുക്കുന്നതി നായി ലക്ഷ്യമിടുന്ന പദ്ധതിയിൽ SPC CADET-കളും പങ്കാളികളാകുന്നുണ്ട്.

കേരളാ പോലീസിൻറെ സാമൂഹ്യ കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗ മായി കണ്ണൂർ സിറ്റി ടൗൺ പോലീസ് സ്റ്റേഷനു സമീപം 'അക്ഷയപാത്രം' പദ്ധതി വഴി എല്ലാ

| | | | |
|---|---|---|---|
| | | | ദിവസവും ഉച്ച ഭക്ഷണ വിതരണം നടത്തിവരുന്നു.<br><br>കണ്ണൂർ റൂറൽ പോലീസ് ഉന്നതികളിൽ താമസിക്കുന്നവരെ സഹായിക്കുന്നതിനായി വിവിധ വകുപ്പ് കളെ സംഘടിപ്പിച്ചുകൊണ്ട് അദാലത്തു കൾ സംഘടിപ്പിക്കുക വഴി അവർക്ക് ആവശ്യമായ ആധാർകാർഡ്, റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട് മുതലായവ ലഭ്യമാക്കുന്നതിനും, മെഡിക്കൽ ക്യാമ്പു കൾ സംഘടിപ്പിച്ചു കൊണ്ട് രോഗ നിർണയം നടത്തി ആവശ്യമായ മരുന്നുകൾ ലഭ്യമാക്കിയും, ജോലി നേടുന്നതിന് ആവശ്യമായ കോച്ചിങ് ക്ലാസുകൾ നൽകുകയും, സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസുകൾ എടുത്തു കൊടുക്കുക തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൊല്ലം റൂറൽ വനിതാസെല്ലിൻ്റെ നേതൃത്വത്തിൽ അച്ചൻകോവിൽ ട്രൈബൽ ഉന്നതിയിലെ അംഗൻവാടി സന്ദർശനം നടത്തി അംഗൻവാടിയി ലെയും ഉന്നതിയിലെയും 35 ഓളം കുട്ടികൾക്ക് ഡ്രസ്സും പഠനോപകരണ ങ്ങളും കുട്ടികൾക്ക് കളിപ്പാട്ടങ്ങളും നല്കുകയും ടി കുട്ടികൾക്ക് ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>വയനാട് ജില്ലാ പോലീസ് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആദി വാസി ഉന്നതികളിലെ വൃദ്ധർക്കായി അവശ്യ വസ്തുക്കളും പഠന ഉപകരണ ങ്ങളും വിതരണം ചെയ്തിട്ടുണ്ട്.<br><br>കൊല്ലം സിറ്റി പോലീസ് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി സ്നേഹിത വുമൺ ഹെൽത്ത് ഫൗണ്ടേഷൻ്റെ സഹകരണത്തോടെ "പരിശോധിക്കുക കണ്ടെത്തുക സുരക്ഷിതരാവുക" എന്ന സന്ദേശം ഉയർത്തി ഏറ്റവും നല്ല സംരക്ഷണം നേരത്തെയുള്ള കണ്ടെ ത്തലാണ് എന്ന പ്രമേയവുമായി സ്തനാർബുദ നിർണ്ണയ ക്യാമ്പും ബോധവൽക്കരണവും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | കേരള പോലീസ് കൗൺസിലിംഗ് സേവനങ്ങൾ നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ എന്തെല്ലാം പ്രശ്നങ്ങൾ നേരിടുന്നവർക്കാണ് കൗൺസിലിംഗ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള പോലീസ് വകുപ്പ് സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ നേരിടുന്ന മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് വിവിധ കൗൺസിലിംഗ് സേവനങ്ങൾ നടപ്പാക്കി വരുന്നു.<br><br>ഗാർഹിക പ്രശ്നപരിഹാര കേന്ദ്രങ്ങൾ (Domestic Conflict Resolution Centres) മുഖേന ഗാർഹികം, വൈവാഹികം, വിവാഹേതര തർക്കങ്ങൾ കുടുംബ പ്രശ്നങ്ങൾ, വിവാഹ മോചന സംബന്ധ മായ വിഷയങ്ങൾ എന്നിവ സൗഹൃദപര മായ കൗൺസിലിംഗിലൂടെ പരിഹരിക്കുന്ന തിനുള്ള ഇടപെടലുകൾ നടത്തുന്നു.<br><br>യുവതലമുറയിൽ വർദ്ധിച്ച് വരുന്ന മൊബൈൽ – ഇൻ്റർനെറ്റ് അമിത ഉപയോഗം, ഓൺലൈൻ ഗെയിമിംഗ് ആസക്തി, അശ്ലീല സൈറ്റുകൾ സന്ദർശിക്കൽ, സാമൂഹ്യ മാധ്യമങ്ങളുടെ അമിത ഉപയോഗം തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നതിനായി ഡിജിറ്റൽ ഡി-അഡിക്ഷൻ സെൻ്ററുകൾ വഴി പ്രത്യേക കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കി വരുന്നു.<br><br>പോലീസ് ഉദ്യോഗസ്ഥരിൽ വർധിച്ചു വരുന്ന മാനസിക സമ്മർദ്ദവും ആത്മഹത്യാ പ്രവണതയും കണക്കി ലെടുത്ത്, ഉദ്യോഗസ്ഥർക്കും അവരുടെ കുടുംബങ്ങൾക്കും HATS (Help and Assistance to Tackle Stress) പദ്ധതിയിലൂടെ മാനസിക പിന്തുണയും കൗൺസിലിംഗും നൽകിവരുന്നു. കുട്ടി കളിലെ പഠന വൈകല്യം, പരീക്ഷാ ഭീതി എന്നിവ പരിഹരിക്കുകയും സുരക്ഷിത ബാല്യം ഉറപ്പുവരുത്തുകയും ചെയ്യുന്നതി നായി 'ചിരി' ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. ഇവിടെ ലഭിക്കുന്ന |

പരാതികളിൽ ഗാർഹിക പ്രശ്നപരിഹാര കേന്ദ്രങ്ങൾ മുഖേന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് സേവന ങ്ങൾ നൽകിവരുന്നു.

(സി) 2016 മുതൽ നാളിതുവരെ പോലീസ് സേന നൽകിവരുന്ന വിവിധ കൗൺസിലിംഗുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) പോലീസ് സേന നൽകിവരുന്ന വിവിധ കൗൺസിലിംഗുകൾ സംബന്ധിച്ച വിവര ങ്ങളും പ്രസ്തുത സേവനങ്ങൾ പ്രയോജന പ്പെടുത്തിയിട്ടുള്ളവരുടെ വിവരങ്ങളും പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു .

**HATS (Help and Assistance to Tackle Stress) കൗൺസിലിംഗ് സെന്റർ വഴി രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.**

| **HATS Counseling Report** | | |
|---|---|---|
| **Sl. No.** | **Year** | **Total No. of Cases** |
| 1 | 2017 | 600 |
| 2 | 2018 | 784 |
| 3 | 2019 | 897 |
| 4 | 2020 | 926 |
| 5 | 2021 | 875 |
| 6 | 2022 | 986 |
| 7 | 2023 | 963 |
| 8 | 2024 | 729 |
| 9 | 2025 | 433 |
| **TOTAL** | | **7193** |

ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ വഴി 2023 മുതൽ 2026 വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Case details reported in the D-DAD Centers for the period from 01.01.2023 to 19.01.2026 | | | | | |
|---|---|---|---|---|---|
| District | Total No of Cases | Ongoing cases | Referred Cases | Terminated Cases | Drop out cases |
| TVM | 345 | 55 | 32 | 250 | 8 |
| Kollam | 591 | 186 | 20 | 380 | 5 |
| Kochi | 300 | 79 | 54 | 157 | 10 |
| Thrissur | 381 | 53 | 135 | 189 | 4 |
| Kozhi kode | 411 | 184 | 36 | 189 | 2 |
| Kannur | 281 | 97 | 38 | 141 | 5 |
| Total | 2309 | 654 | 315 | 1306 | 34 |

ഗാർഹിക പ്രശ്നപരിഹാര കേന്ദ്രങ്ങൾ (Domestic Conflict Resolution Centres) വഴി രജിസ്റ്റർ ചെയ്ത ഗാർഹിക വൈവാഹിക വിവാഹേതര പ്രശ്നങ്ങളും, കുടുംബ പ്രശ്നങ്ങൾ,

വിവാഹ മോചന സംബന്ധമായ കേസുകളുടെ 2020 മുതൽ 2025 വരെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **Details of Counseling (2020 to 2025)** | |
|---|---|
| **Details** | **Total No.** |
| Petition received in Women Celll | 43,851 |
| Forwarding cases/counseling from station | 14,914 |
| TOTAL Cases | 58,765 |
| Petition Disposal | 56,852 |
| Pending Petition | 1,915 |
| **Counseling (Categories)** | |
| DCRC Couseling | 31,463 |
| CHIRI Counseling | 6,848 |
| POCSO case Victim counseling | 3,804 |
| Trauma conseling on suicide bereavement | 2,216 |

(ഡി) പ്രസ്തുത കാലയളവിൽ വിവിധ കൗൺസിലിംഗ് സേവനങ്ങൾ ഓരോന്നും എത്ര പേർ വീതം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; അറിയിക്കാമോ?

(ഡി) പോലീസ് സേന നൽകിവരുന്ന വിവിധ കൗൺസിലിംഗുകൾ സംബന്ധിച്ച വിവരങ്ങളും പ്രസ്തുത സേവനങ്ങൾ പ്രയോജന പ്പെടുത്തിയിട്ടുള്ളവരുടെ വിവരങ്ങളും പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു .

**HATS (Help and Assistance to Tackle Stress) കൗൺസിലിംഗ് സെന്റർ വഴി രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.**

| **HATS Counseling Report** | | |
|---|---|---|
| **Sl. No.** | **Year** | **Total No. of Cases** |
| 1 | 2017 | 600 |
| 2 | 2018 | 784 |
| 3 | 2019 | 897 |
| 4 | 2020 | 926 |
| 5 | 2021 | 875 |
| 6 | 2022 | 986 |
| 7 | 2023 | 963 |
| 8 | 2024 | 729 |
| 9 | 2025 | 433 |
| **TOTAL** | | **7193** |

ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ വഴി 2023 മുതൽ 2026 വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Case details reported in the D-DAD Centers for the period from 01.01.2023 to 19.01.2026 | | | | | |
|---|---|---|---|---|---|
| District | Total No of Cases | Ongoing cases | Referred Cases | Terminated Cases | Drop out cases |
| TVM | 345 | 55 | 32 | 250 | 8 |
| Kollam | 591 | 186 | 20 | 380 | 5 |
| Kochi | 300 | 79 | 54 | 157 | 10 |
| Thrissur | 381 | 53 | 135 | 189 | 4 |
| Kozhi kode | 411 | 184 | 36 | 189 | 2 |
| Kannur | 281 | 97 | 38 | 141 | 5 |
| Total | 2309 | 654 | 315 | 1306 | 34 |

ഗാർഹിക പ്രശ്നപരിഹാര കേന്ദ്രങ്ങൾ (Domestic Conflict Resolution Centres) വഴി രജിസ്റ്റർ ചെയ്ത ഗാർഹിക വൈവാഹിക വിവാഹേതര പ്രശ്നങ്ങളും, കുടുംബ പ്രശ്നങ്ങൾ, വിവാഹ മോചന സംബന്ധമായ കേസുകളുടെ 2020 മുതൽ 2025 വരെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **Details of Counseling (2020 to 2025)** | |
|---|---|
| **Details** | **Total No.** |
| Petition received in Women Celll | 43,851 |
| Forwarding cases/counseling from station | 14,914 |
| TOTAL Cases | 58,765 |
| Petition Disposal | 56,852 |
| Pending Petition | 1,915 |
| **Counseling (Categories)** | |
| DCRC Couseling | 31,463 |
| CHIRI Counseling | 6,848 |
| POCSO case Victim counseling | 3,804 |
| Trauma conseling on suicide bereavement | 2,216 |

സെക്ഷൻ ഓഫീസർ